പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.638 | 10.06.2014 ൽ മറുപടിയ്ക്ക് |

**യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി : | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡ് ഈ വർഷം ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത് എന്ന് വ്യക്തമാക്കുമോ ; | (എ) 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി ബോർഡിന് വകയിരുത്തിയിരുന്നത് 17.50 കോടി രൂപയാണ്. എന്നാൽ പ്രസ്തുത തുകയിൽ 12.83 കോടി രൂപയാണ് അനുവദിച്ച നൽകിയിരുന്നത്. ടി തുകയിൽ നിന്നും കേരളോത്സവം 2013, ദേശീയ യുവോത്സവം, യൂത്ത് അവാർഡ്, യൂത്ത് ഭവൻ, സാഹിത്യ ക്യാമ്പ്, പുനർജ്ജനി, ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ, ഗോത്രതാളം, യുവദർശൻ, നാടിക, യുവമാധ്യമ ക്യാമ്പ്, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഭാരത്ദർശൻ (എസ്.റ്റി), ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, യുവ അതിഥി മന്ദിര നിർമ്മാണം നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പ്രീ - ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നടത്തുന്നുണ്ടോ ; | (ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പ്രീ - ഡിപ്പാർച്ചർ ഓറിയന്റേഷൻ 2011-12 സാമ്പത്തിക വർഷം എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിരുന്നു. |

| | | | |
|---|---|---|---|
| സി) | ഇതിലൂടെ ഏതെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നും എവിടെയെല്ലാം പ്രസ്തുത പദ്ധതി നടത്താൻ ഉദ്ദേശിക്കുന്നു എന്നും വിശദമാക്കുമോ ? | (സി) | വിദേശ രാജ്യങ്ങളിലേയ്ക്ക് തൊഴിലന്വേഷിച്ച് പോകുന്ന യുവജനങ്ങൾക്ക് വിദേശ രാജ്യങ്ങളിലെ നിയമങ്ങൾ (തൊഴിൽ നിയമങ്ങൾ) വിസയും പാസ്പോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ, എയർ ട്രാൻസ്പോർട്ടേഷൻ സംബന്ധമായ വിവരങ്ങൾ, ഭാഷ ഉപയോഗിക്കുന്ന വിധം, ആചാര മര്യാദകൾ ഇടങ്ങിയവയെകുറിച്ച് വ്യക്തമായ വിവരങ്ങൾ നൽകുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണ് പ്രീ - ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം. പ്രസ്തുത പദ്ധതി ബോർഡിന്റെ യുവജനകേന്ദ്രങ്ങൾ വഴി എല്ലാ ജില്ലകളിലുമാണ് സംഘടിപ്പിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ